**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **23-07-2021 - ൽ മറുപടിയ്ക്ക്**

**വടകര മണ്ഡലത്തിലെ തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വകുപ്പിന് കീഴിൽ മണ്ഡലത്തിൽ ചെലവാക്കിയിട്ടുള്ള ആകെ തുക എത്രയാണെന്ന് അറിയിക്കുമോ; | (എ) | വടകര മണ്ഡലത്തിൽ 30 പ്രവർത്തികളിലായി 42.51 ലക്ഷം രൂപയുടെ പ്രവൃത്തികളും ടി മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിലെ കളാശ്ശേരിമുക്ക് കുടിവെള്ള പദ്ധതിയിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 6,00,000/- രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും പൂർത്തീകരിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ അഴിയൂർ, ചോറോട് പഞ്ചായത്തുകളിലായി 600 കണക്ഷനുകൾ നൽകാനുള്ള 113.08 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 68.02 ലക്ഷം രൂപ ചെലവഴിച്ച് 300 കുടിവെള്ള കണക്ഷനുകൾ അഴിയൂർ പഞ്ചായത്തിൽ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ചോറോട് പഞ്ചായത്തിൽ 43.17 ലക്ഷം ചിലവഴിച്ച് 300 കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 25,14,88,558/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ തീരങ്ങളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണം നേരിടുന്നതിനുള്ള ശാശ്വത പരിഹാരമെന്ന നിലയിൽ നിശ്ചിത ഇടവേളകളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പരിഗണനയിലുണ്ട്. |
| (സി) | കടലാക്രമണം നേരിടുന്നതിനായി കേരള തീരത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച് ആധികാരിക | (സി) | ഉണ്ട്. NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളുടെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനു വേണ്ടി വിശദമായ പഠനം |

| | | | |
|---|---|---|---|
| | പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | | നടത്തിയിട്ടുണ്ട്. പീച്ചി ആസ്ഥാനമായുള്ള KERI എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തി ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശാസ്ത്രീയവും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ തീരദേശത്തിന് ഗുരുതര ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന കടലാക്രമണങ്ങളെ നേരിടുന്നതിനായി കടലാക്രമണ ഭീഷണി കൂടുതലുള്ള പ്രദേശങ്ങളിലെങ്കിലും അടിയന്തരമായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | വടകര മണ്ഡലത്തിലെ 6 സ്ഥലങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിനായുള്ള സാധ്യതാ പഠനം നടത്തുന്നതിന് പൂനെ ആസ്ഥാനമായുള്ള CWPRS എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പഠനത്തിനു ശേഷം ഡിസൈൻ ലഭ്യമാക്കി പുലിമുട്ടുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്ര. നം. | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ ) |
|---|---|---|
| **സ്റ്റേറ്റ് പ്ലാൻ** | | |
| 1 | **സ്റ്റേറ്റ് പ്ലാൻ 2020-21** വടകര കുടിവെള്ള പദ്ധതി- കുരങ്ങോട്ട് കടവ് പമ്പ്ഹൗസ്, കപ്പമല പ്ലാൻറ്, വിതരണ ലൈനുകളിൽ വാൽവുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 20.00 |
| 2 | **സ്റ്റേറ്റ് പ്ലാൻ 2020-21** മടപ്പള്ളി പമ്പ്ഹൗസിൽ 10 HP സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 3.00 |
| 3 | **സ്റ്റേറ്റ് പ്ലാൻ 2020-21 –** ഒഞ്ചിയം,ചോറോട്, വില്ല്യാപ്പള്ളി എന്നീ വില്ലേജുകൾക്കായുള്ള 50 HP സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 10.00 |
| 4 | **സ്റ്റേറ്റ് പ്ലാൻ 2020-21** അഴിയൂർ കുടിവെള്ള പദ്ധതി- കല്ലാമല പമ്പ്ഹൗസിലെ 30 HP സെൻട്രിഫ്യൂഗൽ പമ്പ് അറ്റകുറ്റ പണി നടത്തുന്നതിന് | 2.5 |
| 5 | **സ്റ്റേറ്റ് പ്ലാൻ 2021-22** കുരങ്ങോട്ട് കടവ് പമ്പ്ഹൗസിൽ 225 HP പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 48.00 |
| 6 | **സ്റ്റേറ്റ് പ്ലാൻ 2021-22**-ചോറോട്, ഒഞ്ചിയം, ഏറാമല എന്നീ പഞ്ചായത്തുകൾക്കായുള്ള വിതരണശൃംഖല യുടെ സർവ്വേ പ്രവൃത്തി | 27.00 |
| **ജലനിധി** | | |
| 7 | ജലനിധി കുടിവെള്ളപദ്ധതി ഘട്ടം 2 – ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 679.00 |
| **കുടിവെള്ളം, വരൾച്ച നിവാരണം** | | |
| 8 | **2020-21** –വടകര കുടിവെള്ള പദ്ധതി- കുരങ്ങോട്ട് കടവ് പമ്പിങ് ലൈനിൽ എൻ ആർ വാൽവും, കാപ്പമല പ്ലാൻറിൽ സ്ലയിസ് ഗേറ്റ് വാൽവും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 6.68 |
| **കിഫ്ബി** | | |
| 9 | 2018 –19 ൽകിഫ്ബി ധനസഹായത്തോടെ ഒഞ്ചിയം-ചോറോട് കുടിവെള്ള പദ്ധതി- ഇടകണ്ടിക്കുന്നു മുതൽ വെള്ളിക്കുളങ്ങര, ഇടകണ്ടിക്കുന്നു മുതൽ മടപ്പള്ളി - പഴയ പൈപ്പ് മാറ്റുന്ന പ്രവൃത്തി | 608.20 |
| 10 | കിഫ്ബി ധനസഹായത്തോടെ വടകര കുടിവെള്ള പദ്ധതിയിലെ പഴയ 300 എം. എം. എ. സി. പൈപ്പ് മാറ്റി ഇടുന്ന പ്രവൃത്തി | 419.60 |
| 11 | കിഫ്ബി ധനസഹായത്തോടെ വാടകര കുടിവെള്ള പദ്ധതിയിലെ പഴയ 250 എം. എം. എ. സി.പൈപ്പ് മാറ്റി ഇടുന്ന പ്രവൃത്തി | 179.50 |

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

| ക്ര. നം. | ശീർഷകം | തുക (ലക്ഷത്തിൽ ) |
|---|---|---|
| 1 | സ്റ്റേറ്റ് പ്ലാൻ | 334.37 |
| 2 | കിഫ്ബി | 139.40 |
| ആകെ തുക | | 473.77 |

പട്ടിക 1

## വടകര നിയമസഭാമണ്ഡലത്തിലെ പ്രവൃത്തികളുടെ വിവരണം

| ക്രമ.നം | നടപ്പാക്കിവരുന്ന പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് - ചോറോട് പഞ്ചായത്തിലെ പുഞ്ചപ്പാടം വി.സി.ബി.യുടെ പുനരുദ്ധാരണം | 15.00 |
| 2 | പി.എം. - ചോറോട് & ഏറാമല പഞ്ചായത്തുകളിലെ എൻ.സി. കനാലിലെ വിവിധ വി.സി.ബി. കളുടെ പുനരുദ്ധാരണം | 40.00 |
| 3 | എഫ്.ഡി. - ചോറോട് പഞ്ചായത്തിലെ വാർഡ് 4-ൽ പുത്തൻപുരയ്ക്കൽ താഴയിൽ നടക്കുതാഴെ ചോറോട് കനാലിന്റെ കര സംരക്ഷണം | 20.00 |
| 4 | എസ്.ഡി.ആർ.എഫ് - ഏറാമല പഞ്ചായത്തിലെ കാർത്തികപ്പള്ളി വി.സി.ബി. യുടെ റിപ്പയർ പ്രവൃത്തി | 19.00 |
| 5 | എസ്.ഡി.ആർ.എഫ് -വടകര മുനിസിപ്പാലിറ്റി, ചോറോട് & ഏറാമല പഞ്ചായത്തുകളിലായി എൻ.സി.കനാലിന്റെ ചെയിനേജ് 1940 - 4840 മീറ്റർ വരെ (റീച്ച് 2) ചെളി നീക്കൽ പ്രവൃത്തി | 29.40 |
| 6 | എസ്.ഡി.ആർ.എഫ് - വടകര മുനിസിപ്പാലിറ്റി, ചോറോട് & ഏറാമല പഞ്ചായത്തുകളിലായി എൻ.സി.കനാലിന്റെ ചെയിനേജ് 4840 - 6760 മീറ്റർ വരെ (റീച്ച് 3) ചെളി നീക്കൽ പ്രവൃത്തി | 19.58 |
| 7 | എസ്.ഡി.ആർ.എഫ് - വടകര മുനിസിപ്പാലിറ്റി, ചോറോട് & ഏറാമല പഞ്ചായത്തുകളിലായി എൻ.സി.കനാലിന്റെ ചെയിനേജ് 6760 - 8000 മീറ്റർ വരെ (റീച്ച് 4) ചെളി നീക്കൽ പ്രവൃത്തി | 13.02 |
| 8 | എസ്.ഡി.ആർ.എഫ് -വടകര മുനിസിപ്പാലിറ്റിയിലെ എൻ.സി.കനാലിന്റെ ചെയിനേജ് 0 - 1940 മീറ്റർ വരെ ചെളി നീക്കൽ പ്രവൃത്തി | 19.63 |
| 9 | എസ്.ഡി.ആർ.എഫ് -ഏറാമല പഞ്ചായത്തിലെ പെരുമ്പുഴക്കര കോവുമ്മൽ പാത്തി എസ്.ഡബ്ല്യു.ഇ/വി.സി.ബി. യുടെ റിപ്പയർ പ്രവൃത്തി | 35.00 |
| 10 | എസ്.ഡി.ആർ.എഫ് -ഒഞ്ചിയം പഞ്ചായത്തിലെ വാർഡ് 13-ലെ കക്കാട്ടുതാഴെ തോടിന്റെ ഇടതുകര സംരക്ഷണം | 5.00 |
| 11 | ഗ്രാമ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് - സുചലം കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിലെ നടക്കുതാഴ ചോറോട് കനാലിന്റെ പുനരുദ്ധാരണ പ്രവർത്തി | 10.00 |
| 12 | കോഴിക്കോട് ജില്ലയിലെ വടകര മുനിസിപ്പാലിറ്റിയിലെ ശ്രീകൃഷ്ണ പറമ്പ് കുളം (വണ്ണാത്തിക്കുളം) പുനരുദ്ധാരണം | 30.00 |
| 13 | കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിലെ തോട്ടുങ്ങൽ തോടിലെ ചെളി നീക്കം ചെയ്യുന്ന പ്രവർത്തി | 0.96 |
| 14 | കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിലെ മാമ്പള്ളി തോടിലെ ചെളി നീക്കം ചെയ്യുന്ന പ്രവർത്തി | 0.97 |
| 15 | കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിലെ തച്ചറത്ത് താഴ തോടിലെ ചെളി നീക്കം ചെയ്യുന്ന പ്രവർത്തി | 0.94 |
| 16 | കോഴിക്കോട് ജില്ലയിലെ ചോറോട് പഞ്ചായത്തിലെ വരയന്റെ വളപ്പിൽ തോടിലെ ചെളി നീക്കം ചെയ്യുന്ന പ്രവർത്തി | 0.91 |
| 17 | കോഴിക്കോട് ജില്ലയിലെ ചോറോട് പഞ്ചായത്തിലെ ആമത്തോട്ടിലലെ ചെളി നീക്കം ചെയ്യുന്ന പ്രവർത്തി | 0.90 |
| 18 | റെനോവേഷൻ ഓഫ് ടാങ്ക് ആന്റ് പോ - ഹരിതകേരളം - ഒഞ്ചിയം പഞ്ചായത്തിലെ വാർഡ് 14-ലെ പുത്തൻപുരായിൽ കുളം നവീകരണം | 30.00 |

| | | |
|---|---|---|
| 19 | എം.ഐ.ക്ലാസ് 1 - വടകര മുനിസിപ്പാലിറ്റിയിലെ പാലോളിപാലം എസ്.ഡബ്ല്യു.ഇ./വി.സി.ബി. യുടെ നിർമ്മാണം | 50.00 |
| 20 | വടകര മുൻസിപ്പാലിറ്റിയിലെ സി പി 2066 ന് വടക്കോട്ട് 121 മീറ്റർ നീളത്തിൽ കുരിയാടി കടൽ ഭിത്തി പുനരുദ്ധാരണം | 52.00 |
| 21 | പ്രകൃതിദുരന്തം വടകര മുനിസിപ്പാലിറ്റിയിലെ കുരിയാടി ഫിഷ്‌ലാന്റിങ്ങ് സെന്ററിന് വടക്കോട്ട് 30 മീറ്റർ നീളത്തിൽ കടൽ ഭിത്തി അടിയന്തിര സംരക്ഷണപ്രവൃത്തി | 7.5 |
| 22 | പ്രകൃതിദുരന്തംചോറോട്പാഞ്ചായത്തിലെകുരിയാടി കുറുമ്പ ഭഗവതി ക്ഷേത്രത്തിന് മുന്നിൽസി പി 2070 ന് 25 മീറ്റർ വടക്ക്മാറി വടക്കോട്ട് 56 മീറ്റർ നീളത്തിൽ കടൽ ഭിത്ത 1അടിയന്തിര സംരക്ഷണ പ്രവൃത്തി | 18.70 |
| 23 | വടകര മുൻസിപ്പാലിറ്റിയിലെ സി പി 2067 ന് 46 മീറ്റർ തെക്ക്മാറ 1തെക്കോട്ട് 44 മീ. നീളത്തിൽ ആവിക്കൽ കുരിയാടി കടൽ ഭിത്തി പുനരുദ്ധാരണം | 19.50 |
| 24 | എ.എസ്.ഇ-വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽസി പി 2110 ന് വടക്ക്, നടുത്തോട്കടൽഭിത്തിയുടെ പുനരുദ്ധാരണം. | 26.00 |
| 25 | എ.എസ്.ഇ-അഴിയൂർ പഞ്ചായത്തിലെസി പി 2108 ന് വടക്കോട്ട് 48 മീറ്റർ നീളത്തിൽകാപുഴക്കൽ കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 29.50 |
| 26 | എ.എസ്.ഇ-ചോറോട് പഞ്ചായത്തിലെസി പി 2069 ന് 3 മീറ്റർവടക്ക്മാറിതെക്കോട്ട് 41 മീറ്റർ നീളത്തിൽകുരിയാടി കടൽ ഭിത്തിയുടെ പുനരുദ്ധാരണം | 19.50 |
| 27 | എ.എസ്.ഇ-വടകര മുൻസിപ്പാലിറ്റിയിലെആവിക്കൽ കുരിയാടിയിൽസി പി 2067 ന് 90 മീറ്റർതെക്ക്മാറിതെക്കോട്ട് 30 മീറ്റർ നീളത്തിൽകടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി | 13.00 |
| 28 | എ.എസ്.ഇ-വടകരമുനിസിപ്പാലിറ്റിയിലെ സി പി 2057 ൽ നിന്ന്വടക്കോട്ട് 104 മീറ്റർ നീളത്തിൽകൊയിലാിവളപ്പിൽ ആനാട് കടൽ ഭിത്തിയുടെ പുനരുദ്ധാരണം. | 65.00 |
| 29 | എഫ്.സി-അഴിയൂർ പാഞ്ചായത്തിലെ പൂഴിയിൽ 197 മീറ്റർ നീളത്തിൽമാഹി പുഴയുടെ ഇടതുകരസംരക്ഷണ പ്രവൃത്തി. | 24.50 |
| 30 | എഫ്.സി- വടകരമുനിസിപ്പാലിറ്റിയിലെ സാന്റ് ബാങ്ക്സിൽകുറ്റ്യാടി പുഴയുടെഅഴിമുഖത്ത് വലത്കരയിൽവെള്ളപ്പൊക്കനിയന്ത്രിക്കാനുള്ള ബ് നിർമ്മാണം. | 27.00 |
| | ആകെ | 642.51 |

| നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| 1 | കുറ്റ്യാടി ജലസേചന പദ്ധതി | KyIP - MLA SDF - Construction of bridge at Ch: 13/800 of Azhiyoor branch canal in Mangattumukku Kottayimukku road in Ward No. 18 of Eramala Grama Panchayat. | 4 ലക്ഷം |
| 2 | | KyIP - MLA ADS - 2018-19 - Construction of crashmukku Koomulli canal road near Ch: 2/800 of Azhiyoor branch canal in Chorodu Grama Panchayat. | 10 ലക്ഷം |
| 3 | | KyIP -ACP- 2018-19 - Improvement works of Azhiyoor branch canal from Ch: 16/500 to 17/000 Km in Azhiyur Grama Panchayath-Vadakara LA. | 44 ലക്ഷം |

സെക്ഷൻ ഓഫീസർ